## പതിമൂന്നാം കേരള നിയമസഭ.
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*198 | 13/02/2013 ൽ മറുപടിയ്ക്ക്

### ഉപ്പുകലർന്ന മണൽ സംസ്കരിക്കുന്നതിനുള്ള പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ലൂഡി ലൂയിസ്<br>,, എ.റ്റി. ജോർജ്<br>,, ആർ. സെൽവരാജ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | ഉപ്പുകലർന്ന മണൽ സംസ്കരിച്ച് നിർമ്മാണ മേഖലയിലേയ്ക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ പ്രയോജനപ്പെടുത്താൻ പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി) | ഉണ്ട്.ഉപ്പ് കലർന്ന മണൽ, സംസ്കരണം വഴി നിർമ്മാണമേഖലയിലേയ്ക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ എന്നതിനെപ്പറ്റി ഒരു സാധ്യതാ പഠനം നടത്തുവാനായി കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KEMDEL) എന്ന സ്ഥാപനത്തിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി Geology Survey of India പൊന്നാനി തീരത്ത് പര്യവേഷണം നടത്തിവരുന്നു. ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | പദ്ധതിയുടെ സാധ്യതാപഠനത്തിന് സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ